**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5228** **12-08-2021 - ൽ മറുപടിയ്ക്ക്**

**ആംനെസ്റ്റി പദ്ധതി പ്രകാരമുള്ള നികുതി പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം തനതുവർഷത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം തനതു വർഷത്തിൽ 164.14 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടും തിരിച്ചടയ്ക്കാതെ കുടിശ്ശികയായ തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 292.58 കോടി രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടും തിരിച്ചടയ്ക്കാതെ കുടിശ്ശികയായ തുക പിരിച്ചെടുക്കുവാൻ, 2021-22 വർഷം പുതിയ ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. 2020 ലെ ആംനസ്റ്റി പദ്ധതിയിൽ കുറഞ്ഞത് ഒരു തവണയെങ്കിലും അടയ്ക്കുകയും ബാക്കിയുള്ളവയിൽ വീഴ്ച വരുത്തുകയും ചെയ്ത നികുതിദായകർക്ക്, തവണയായി അടച്ച തുക കുടിശ്ശികകളിൽ ഏറ്റവും പഴയ കുടിശ്ശികയിലേക്കുള്ള നികുതി അടവായി കണക്കാക്കപ്പെടും. കൂടാതെ, റവന്യൂ റിക്കവറി ഉള്ള ഡീലർമാരെ ബന്ധപ്പെട്ട് ആംനസ്റ്റി പദ്ധതിയുടെ ഗുണങ്ങൾ വിശദമാക്കി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ